പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

22-01-2021

പാലക്കാട് ഗവ. മോയൻ സ്കൂൾ നവീകരണം

## ഡിജിറ്റൈസേഷൻ 100 ദിവസത്തിനകം പൂർത്തീകരിക്കണമെന്ന് ബാലാവകാശ കമ്മീഷൻ

പാലക്കാട് ഗവ. മോയൻ മോഡൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന്റെ നവീകരണത്തിന്റെ ഭാഗമായുള്ള ഡിജിറ്റൈസേഷൻ എംപവേർഡ് കമ്മിറ്റി യോഗം ചേർന്ന് നൂറു ദിവസത്തിനകം പൂർത്തീകരിക്കണമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവായി. കമ്മീഷന്റെ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം എംപവേർഡ് കമ്മിറ്റി യോഗം ചേർന്ന് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തീരുമാനങ്ങൾ എടുക്കണം. സ്കൂളിൽ മുൻപുണ്ടായിരുന്ന ഇലക്ട്രോണിക് ഉപകരണങ്ങൾ കാണാതായെന്ന പരാതിയെക്കുറിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർ അന്വേഷിച്ച് ഉത്തരവാദികൾക്കെതിരേ നിയമനടപടി സ്വീകരിക്കണം. പദ്ധതിയുടെ നിർവഹണ ഏജൻസി ആയ ഹാബിറ്റാറ്റ് ടെക്നോളജീസ് ഗ്രൂപ്പ് നിർമിച്ച ഫർണിച്ചറുകൾ കുട്ടികൾക്ക് ദീർഘനേരം ഇരിക്കാൻ കഴിയുന്ന വിധത്തിൽ പരിഷ്കരിക്കണമെന്നും കമ്മീഷൻ ചെയർമാൻ കെ.വി മനോജ്കുമാർ, അംഗം സി. വിജയകുമാർ എന്നിവർ ഉൾപ്പെട്ട ഡിവിഷൻ ബഞ്ച് ഉത്തരവായി.

4800 കുട്ടികൾ പഠിക്കുന്ന ഗവ. മോയൻ സ്കൂൾ നവീകരണത്തിനും ഡിജിറ്റൈസേഷനുമായി 2013-14 ൽ സർക്കാർ എട്ടു കോടി രൂപ വകയിരുത്തിയെങ്കിലും നാളിതുവരെ പദ്ധതി പൂർത്തിയായില്ലെന്നാണ് പരാതി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറി ചെയർമാനും ഷാഫി പറമ്പിൽ എം.എൽ.എ, ധനകാര്യ വകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ, പാലക്കാട് ജില്ല കളക്ടർ എന്നിവർ അംഗങ്ങളും ഐ.ടി സ്കൂൾ ഡയറക്ടർ പ്രൊജക്ട് ഡയറക്ടറുമായി എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചു. ഹാബിറ്റാറ്റ് ഗ്രൂപ്പിനാണ് നിർവഹണ ചുമതല. 2015-ൽ സർക്കാർ ഭരണാനുമതി നൽകിയ പദ്ധതി

ഇതുവരെ പൂർത്തിയാക്കാത്തത് ഗുരുതരമായ വീഴ്ചയാണെന്ന് കമ്മീഷൻ ചൂണ്ടിക്കാട്ടി. എംപവേർഡ് കമ്മിറ്റി ക്രിയാത്മകമായ ഇടപെടൽ നടത്തിയതുമില്ല.

പദ്ധതിയുടെ സിവിൽ പ്രവൃത്തികളും ഇലക്ട്രിക് പ്രവൃത്തികളും നിർവഹണ ഏജൻസി ആയ ഹാബിറ്റാറ്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുന്നതിന് കെൽട്രോണിനെയും ചുമതല ഏൽപ്പിച്ചു. ഇരുകൂട്ടരും ചേർന്ന് 2017 ഒക്ടോബർ 21-ന് ഒപ്പിട്ട കരാർ പ്രകാരം ഹാബിറ്റാറ്റ് നിർദേശിച്ച വ്യവസ്ഥകൾ പാലിക്കാൻ കെൽട്രോണിന് ബാദ്ധ്യതയുള്ളതിനാൽ കരാറിൽ നിന്ന് പിന്മാറാൻ പാടില്ലെന്ന് കമ്മീഷൻ ചൂണ്ടിക്കാട്ടി.

2554/09/C2/2020/KeSCPCR
4943/09/C2/2020/KeSCPCR
2187/09/C2/2020/KeSCPCR
5870/09/C2/2020/KeSCPCR

പബ്ലിക് റിലേഷൻസ് ഓഫീസർ